(സി) പ്രകൃതി ദുരന്തങ്ങളെ നേരിടാൻ ആവശ്യമായ ശാസ്ത്രസാങ്കേതിക വിവരങ്ങൾ കാലേകൂട്ടി മുന്നറിയിപ്പ് നൽകാനും വിവരങ്ങൾ യഥാസമയം അറിയിക്കുവാനും, ഡോ. എ. ഇ. മുത്തുനായകം ചെയർമാനായി ശാസ്ത്രജ്ഞൻമാരുടെ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തിനകത്തും പുറത്തുമുള്ള നിരവധി സന്നദ്ധ സംഘടനകൾ സഹായ വാഗ്ദാനവുമായി സർക്കാരിനെ സമീപിച്ചിട്ടുണ്ട്. പ്രസ്തുത സംഘടനകളുമായി രണ്ട് വട്ടം ചർച്ചകൾ നടത്തി കഴിഞ്ഞു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ

* 14 [12] ശ്രീ. വി. കെ. സി. മമ്മത്കോയ:

„ മഞ്ഞളാംകുഴി അലി:

„ വി. കെ. ചന്ദ്രൻ:

„ ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി യു.ഡി.എഫ്. സർക്കാർ ഏതെല്ലാം പുതിയ അധികാരങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ അധികാരങ്ങൾ ഏതൊക്കെയാണ്;

(സി) പ്രസ്തുത അധികാരങ്ങളിൽ ഏതെല്ലാമാണ് തിരിച്ചെടുത്തിട്ടുള്ളത്;

(ഡി) പുതിയ ജലസേചന ആക്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ അധികാരങ്ങൾ തിരിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പദ്ധതി വിഹിതം അനുവദിക്കുന്നതിലും ചെലവഴിക്കുന്നതിലും സർക്കാർ എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കുട്ടി അഹമ്മദ് കുട്ടി):

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുപകരം പഞ്ചവത്സര പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുവാൻ അധികാരം നൽകി. അതുപോലെ ജില്ലാ തല ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള അധികാരം പ്ലാനിംഗ് ബോർഡിൽനിന്നും ജില്ലാ പ്ലാനിംഗ് കമ്മിറ്റികൾക്ക് കൈമാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ മൊത്ത നികുതി വരുമാനത്തിന്റെ 3.5 ശതമാനം പൊതു ആവശ്യ ഗ്രാന്റായിട്ടും 5.5 ശതമാനം മെയിന്റനൻസ് ഗ്രാന്റായിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഈ ഗ്രാന്റുകൾ വിനിയോഗിക്കുന്നതിനുള്ള അധികാരവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയുണ്ടായി.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങളുടെ വസ്തുവകകളിൽനിന്നുള്ള വരുമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള അധികാരവും നൽകിയിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 1995-ലാണ് ഏറ്റവും കൂടുതൽ അധികാരങ്ങൾ കൈമാറിയിട്ടുള്ളത്. അതിനുശേഷം മുൻസർക്കാർ പ്രധാനമായും താഴെ പറയുന്ന അധികാരങ്ങളാണ് കൈമാറിയത്:

1. താഴെത്തട്ടിൽ പദ്ധതികൾക്ക് രൂപം നൽകി നടപ്പാക്കാനുള്ള അധികാരം, ഉദ്യോഗസ്ഥന്മാരുടെ മേലുള്ള നിയന്ത്രണാധികാരം.

2. ജില്ലാ പഞ്ചായത്തുകൾക്ക് ജില്ലാതല സ്ഥാപനങ്ങളെയും ഉദ്യോഗസ്ഥരെയും കൈമാറിയിട്ടുണ്ട്.

3. സാമൂഹ്യസുരക്ഷാ പെൻഷനുകൾക്കുള്ള അപേക്ഷ സ്വീകരിക്കാനും അനുവദിയ്ക്കാനുമുള്ള അധികാരം.

4. 34-ഓളം ആക്ടുകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്ഥാനം നൽകി ഭേദഗതി വരുത്തിയിട്ടുണ്ട്.

(സി ആന്റ് ഡി) പ്രസ്തുത അധികാരങ്ങൾ ഒന്നും തിരിച്ചെടുത്തിട്ടില്ല. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിരുന്ന 'മറ്റ് ജില്ലാതല റോഡുകൾ' പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. ഇറിഗേഷൻ ആക്ടിലെ 'മൈനർ ഇറിഗേഷന്റെ' നിർവചനത്തിൽ വ്യത്യാസം വന്നതിനാൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കാവുന്ന ജലസേചന പദ്ധതികളുടെ പരിധിയിൽ കുറവു വന്നിട്ടുണ്ട്.

(ഇ) പദ്ധതി വിഹിതം അനുവദിയ്ക്കുന്നത് ബഡ്ജറ്റ് നിർദ്ദേശത്തിലെ അനുബന്ധം 4 പ്രകാരവും ചെലവഴിക്കുന്നത് 31-3-2004-ലെ ജി.ഒ.(എം.എസ്.) നമ്പർ 40/2004/പ്ലാനിംഗ് ഉത്തരവു പ്രകാരവും ആണ്.

സുനാമി ദുരന്തത്തിൽപ്പെട്ടവരെ സഹായിക്കുവാൻ കർമ്മ പദ്ധതി

* 15 [14] ശ്രീ. സ്റ്റീഫൻ ജോർജ്:

„ തോമസ് ഉണ്ണിയാടൻ:

„ ജോസഫ് എം. പുതുശ്ശേരി:

„ ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിൽപ്പെട്ടവരെ സഹായിക്കുവാൻ എന്തൊക്കെ കർമ്മ പദ്ധതികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly